## പഞ്ചായത്ത് ഡയറക്ടറുടെ നടപടി ക്രമങ്ങൾ

വിഷയം– പഞ്ചായത്ത് വകുപ്പ് – ഭരണ ജാഗ്രത – പാലക്കാട് ജില്ല – പുതുനഗരം ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. എസ്. പ്രദീപിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

പരാമർശം– പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 24.11.2017 ലെ എ.വി.എസ്.14341/17 നമ്പർ കത്ത്

**ഉത്തരവ് നമ്പർ ഡി10 –43021/17, തീയതി 5.1..2018**

പാലക്കാട് പുതുനഗരം ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. എസ്. പ്രദീപ് 01.11.2017 മുതൽ ആഫീസിൽ ഹാജരാകുകയോ അവധി അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ലെന്ന് പുതുനഗരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളതായും ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും പരാമർശ കത്ത് പ്രകാരം പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

അവധി അപേക്ഷ നൽകാതെ അനധികൃതമായി ആഫീസിൽ ഹാജരാകാതിരിക്കുന്നതിലൂടെ കടുത്ത അച്ചടക്ക ലംഘനവും കൃത്യവിലോപവും നടത്തിയ ടിയാന്റെ പ്രവൃത്തി സർക്കാർ സേവനത്തോട് അനാദരവ് പുലർത്തുന്നതും, സർവ്വീസിൽ തുടരുന്നതിനും ജോലി ചെയ്യുന്നതിനുമുള്ള ടിയാന്റെ താൽപര്യക്കുറവും പ്രകടമാക്കുന്നു. കൂടാതെ അസി. സെക്രട്ടറിയായ ശ്രീ. എസ്. പ്രദീപ് നിരന്തരം അവധി ഏടുക്കുന്നത് കാരണം ഔദ്യോഗികവും ഭരണപരവുമായ കാര്യങ്ങളിൽ കാലതാമസവും പ്രയാസവും നേരിട്ടതായും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. സെക്രട്ടറിയുടെ അഭാവത്തിൽ പഞ്ചായത്തിന്റെ ഭരണകാര്യങ്ങളിൽ പൂർണ്ണ അധിക ചുമതലയുള്ള സൂപ്പർവൈസറി തസ്തികയിലുള്ള അസി. സെക്രട്ടറി ശ്രീ. എസ്. പ്രദീപിന്റെ അനധികൃത ഹാജരില്ലായ്മ ഗൗരവതരമായി കാണുന്നു.

പ്രസ്തുത സാഹചര്യത്തിൽ അനധികൃത ഹാജരില്ലായ്മയിൽ തുടരുന്നതിലൂടെ അച്ചടക്ക ലംഘനവും കൃത്യവിലോപവും നടത്തിയ കുറ്റത്തിന് പുതുനഗരം ഗ്രാമപഞ്ചായത്ത് അസി. സെക്രട്ടറി ശ്രീ. എസ്. പ്രദീപിനെ അച്ചടക്ക നടപടികൾക്ക് വിധേയമായി ഉടൻ പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

സസ്പെൻഷൻ കാലയളവിൽ ടിയാന് നിയമാനുസൃത ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
പി. മേരിക്കുട്ടി . I.A.S.
പഞ്ചായത്ത് ഡയറക്ടർ

ശ്രീ. പ്രദീപ് എസ്.
അസി. സെക്രട്ടറി, പുതുനഗരം ഗ്രാമപഞ്ചായത്ത്
(പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

പകർപ്പ് –
1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
(ഉത്തരവ് നടപ്പിൽ വരുത്തുന്ന വിവരം അറിയിക്കേണ്ടതാണ്. )
2. സെക്രട്ടറി, പുതുനഗരം ഗ്രാമപഞ്ചായത്ത്
3. സൂപ്രണ്ട് ഇ സെക്ഷൻ
4.. കരുതൽ / അധികം.

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്.

എസ്.ജെ. 1./18